# Malayala Manorama

# 18 August 2018

# Urulantanni, Landslide

# ഉരുളൻതണ്ണിയിൽ ഉരുൾപൊട്ടി; രണ്ടു വീടുകൾക്ക് നാശം

കോതമംഗലം ● കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണി വനമേഖലയിൽ ഉരുൾപൊട്ടി രണ്ടു വീടുകൾക്ക് ഭാഗികമായി നാശം നേരിട്ടു. ആർക്കും പരുക്കില്ല. മേഖലയിലെ പത്തു കുടുംബങ്ങളെ ദുരിതാശ്വാസ കേന്ദ്രത്തിലേക്ക് മാറ്റി.

താലൂക്കിൽ ഇന്നലെ രണ്ടു ദുരിതാശ്വാസ കേന്ദ്രങ്ങൾ കൂടി തുറന്നു. ഇപ്പോൾ 43 കേന്ദ്രങ്ങളിൽ 1631 കുടുംബങ്ങളിൽ നിന്നായി 5877 പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. പെരിയാർ അടക്കമുള്ള നദികളുടെയും തോടുകളുടെയും തീരപ്രദേശങ്ങളിൽ വെള്ളം കയറിയ വീടുകളിൽ നിന്നു വെള്ളം ഇറങ്ങിത്തുടങ്ങിയിട്ടുണ്ട്. നഗരത്തിൽ വിവിധ റോഡുകളിൽ വെള്ളപ്പൊക്കം മൂലം അനുഭവപ്പെട്ട ഗതാഗതം ഇന്നലെ ഭാഗികമായി പുനഃസ്ഥാപിച്ചു. ദേശീയപാതയിൽ നേര്യമംഗലം മുതൽ അടിമാലി വരെയും നേര്യമംഗലം- ഇടുക്കി റോഡിലും പലഭാഗത്തും മണ്ണിടിഞ്ഞും മരങ്ങൾ വീണും ഗതാഗതം സ്തംഭിച്ചിട്ടുണ്ട്. നേര്യമംഗലം കാഞ്ഞിരവേലിയിൽ പെരിയാറിനു കുറുകെയുണ്ടായിരുന്ന തൂക്കുപാലം കഴിഞ്ഞ ദിവസം ഒലിച്ചുപോയിരുന്നു. എറണാകുളം, ഇടുക്കി ജില്ലകളെ ബന്ധിപ്പിച്ചിരുന്ന തൂക്കുപാലം ഇല്ലാതായതോടെ പെരിയാറിന്റെ വലതുകരയിൽ വനമേഖലയിലുള്ള കാഞ്ഞിരവേലി നിവാസികളുടെ യാത്രാക്ലേശം രൂക്ഷമാക്കി.



കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണി മുക്കിൽ ഉണ്ടായ ഉരുൾപൊട്ടൽ.